# ജി.ജി.എൽ.പി.എസ് ഈസ്റ്റ് കല്ലായി

(ഗവ. ഗണപത് എൽ.പി.സ്കൂൾ)

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26



## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം ഫോർമാറ്റ് 1

| മേഖല : അക്കാദമികം<br>പ്രശ്നം : ചിഹ്നങ്ങളും ഇരട്ടിപ്പുകളും | വിഷയം : മലയാളം | |
|---|---|---|
| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
| **കുട്ടി**<br>• ചിഹ്നങ്ങളെയും ഇരട്ടിപ്പുകളെയും വ്യക്തമായ ധാരണയില്ലാതെ ഉൾക്കൊള്ളാൻ ശ്രമിക്കുന്നത്<br><br>**ടീച്ചർ**<br>• ഇരട്ടിപ്പുകൾ ഉപയോഗിക്കുന്നതിൽ കൂടുതൽ പഠന സാഹചര്യം ഒരുക്കാനുള്ള പ്രയാസം<br>• ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന് ആവശ്യമായ പഠന സാമഗ്രികളുടെ അഭാവം<br><br>**രക്ഷിതാവ്**<br>• പഠനാനുഭവങ്ങളുടെ അഭാവം<br>• ഭാഷാപ്രയോഗത്തിൽ വേണ്ടത്ര പ്രാവീണ്യം ഇല്ലായ്മ<br><br>**സംവിധാനം**<br>• ഐ.സി.ടി. സാധ്യതകൾ വേണ്ടരീതിയിൽ പ്രയോജനപ്പെടാതിരിക്കൽ | • ചിഹ്നങ്ങളും ഇരട്ടിപ്പുകളും കൂടുതൽ സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള പ്രവർത്തനങ്ങൾ<br><br>• അനുയോജ്യമായ പഠന സന്ദർഭങ്ങൾ ഒരുക്കൽ<br><br>• ചില്ലക്ഷരങ്ങളും കൂട്ടക്ഷരങ്ങളും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള വാക്യപ്രയോഗം<br><br>• ഐ.സി.ടി. സാധ്യതകൾക്ക് ഉയർന്ന പരിഗണന നൽകുക | • ഉച്ചാരണത്തിൽ വ്യക്തത കൈവരിക്കൽ. മലയാളത്തിളക്കം ശ്രദ്ധ<br><br>• വായന കൂടുതൽ കാര്യക്ഷമമാക്കൽ<br>• ലൈബ്രറി ശക്തിപ്പെടുത്തൽ<br><br>• ഭാഷാ പ്രയോജഗത്തിൽ വരുത്തേണ്ട പ്രാവീണ്യത്തെക്കുറിച്ചുള്ള ശില്പശാല |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രവർത്തന വിശകലനം ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം : മലയാളം | | |
|---|---|---|---|---|
| പ്രവർത്തനം : ഉച്ചാരണത്തിൽ വ്യക്തത കൈവരിക്കൽ<br>ലക്ഷ്യം : ഭാഷാ പഠനത്തിൽ കുട്ടികളുടെ സമഗ്ര വികാസം (ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ) | | | | |
| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
| • നൂതനമായ പഠന സാമഗ്രികൾ ഉപയോഗിച്ചു കൊണ്ടുള്ള പഠനം | വസുമതി ടീച്ചർ (എച്ച്.എം)<br>ബോബി ഷാജിസ്. ഒ.പി. | ദീർഘം | 10000/- | എസ്.എസ്.എ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രവർത്തന വിശകലനം ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം : മലയാളം | | |
|---|---|---|---|---|
| പ്രവർത്തനം : ലൈബ്രറി ശക്തിപ്പെടുത്തൽ വായന കൂടുതൽ കാര്യക്ഷമമാക്കൽ<br>ലക്ഷ്യം : വായനയിലൂടെ ചിഹ്നങ്ങളും, കൂട്ടക്ഷരങ്ങളും ഉറപ്പിയ്ക്കൽ | | | | |
| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
| • ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങളെത്തിയ്ക്കുന്നു.<br>• വിതരണം ചെയ്യുന്നു<br>• വയനയ കുറിപ്പ് തയ്യാറക്കൽ<br>• തയ്യാറാക്കിയത് കൈമാറുന്നു<br>• അവതരിപ്പിയ്ക്കാനവസരം നൽകുന്നു.<br>• ആവർത്തിയ്ക്കുന്നു, | സിനി .എ.കെ.<br>ലൈബ്രറി ചാർജ്ജ് | ദീർഘം | 5000/- | എസ്.എസ്.എ |

ഗണിതപഠനം

ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിത ശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുന്നു. വസ്തുതകളെ ശാസ്ത്രീയയമായി അപഗ്രഥിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. മറ്റു വിഷയങ്ങളുടെ പഠനത്തിൽ ഗണിത ശാസ്ത്രം പ്രധാന പങ്ക് വഹിക്കുന്നതുകൊണ്ട് ഗണിത പഠനത്തിന്റെ ഉള്ളടക്കം ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകുന്നതും മറ്റു വിഷയങ്ങളുടെ പഠനത്തിൽ സഹായകമാകുന്ന വിധത്തിലുമായിരിക്കണം.

ലക്ഷ്യങ്ങൾ

* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം.

* മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുന്നതിന സഹായകരമാകണം.

* കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം.

*പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടിക്ക് കഴിവ് നൽകണം.

* വസ്തുക്കളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവുണ്ടാകണം.

* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുവാൻ കഴിയുന്നതാകണം.

* ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും കാര്യകാരണ സഹിതം വിശദീകരിക്കുന്നതിനുമുള്ള കഴിവുണ്ടാകണം.

* കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകണം.

* ഗണിത പഠനത്തിൽ ഐ.സി.ടി. സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതാതകണം.

മേഖല : അക്കാദമികം | വിഷയം : ഇംഗ്ലീഷ്

**കാഴ്ചപ്പാട് :**

ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കുട്ടികളുടെ കഴിവിനെ പരിപോഷിപ്പിക്കും എല്ലാവർക്കും കൂടുതൽ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനുള്ള അവസരം നൽകും. സർഗ്ഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കും. ഭാഷാപരമായ കഴിവ് തിരിച്ചറിഞ്ഞ് കൂടുതൽ കൂടുതൽ മെച്ചപ്പെടുത്താനുള്ള അവസരം നൽകും. രക്ഷിതാക്കളുടെ പങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം.

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും അവരുടെ നിലവാരത്തിനനുസരിച്ചുള്ള വായന ഉറപ്പ് വരുത്തും.
- 1,2, ക്ലാസ്സുകളിൽ അക്ഷരതെറ്റില്ലാതെ ചെറിയ ചെറിയവാക്കുകൾ, വാക്യങ്ങൾ എന്നിവ എഴുതാൻ പ്രാപ്തരാക്കും
- കൂടുതൽ കൂടുതൽ വാക്കുകൾ വാക്യങ്ങൾ എന്നിവ സന്ദർഭത്തനനുസരിച്ച് പ്രയോഗിക്കാനവസരം നൽകും.
- ഇംഗ്ലീഷ് ഭാഷ ആസ്വാദ്യകരമാക്കും
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കും

**അവസ്ഥാ പഠനം**

നിലവിൽ നല്ല രീതിയിലുള്ള ഒരു ക്ലാസ് റൂം അന്തരീക്ഷം ഉറപ്പുവരുത്താനുള്ള ഭൗതിക-സാഹചര്യങ്ങളില്ല-ഐ.സി.ടി. സാധ്യതകളൊന്നും തന്നെവേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ ആവശ്യത്തിന് കമ്പ്യൂട്ടറുകളോ, പ്രൊജക്ടറുകളോ ഇല്ല. 90% കുട്ടികളും ഇംഗ്ലീഷ് വായിക്കാനും ചെറിയ ചെറിയ വാക്യങ്ങളൊക്കെ സ്വന്തമായി എഴുതാനും കഴിവുള്ളവരാണ്. അവർക്ക് മികച്ച രീതിയിലുള്ള പരിശീലനം ലഭിച്ചാൽ കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ഭയം ഒഴിവാക്കിയെടുക്കാനാവും. മിക്കവർക്കും ഇംഗ്ലീഷ് ഉപയോഗിയ്ക്കാനുള്ള മടികാരണം മാതൃഭാഷയെ ഇംഗ്ലീഷ് ക്ലാസ്സുകളിലും കൂടുതലായി ഉപയോഗിയ്ക്കുന്നു.

# പ്രവർത്തനകുറിപ്പ്

## പരിസര പഠനം

- ദിനാചരണങ്ങൾ : പരിസ്ഥിതി പ്രാധാന്യമുള്ള എല്ലാ ദിനങ്ങളും ആചരിക്കുക
- ക്ലബ്ബ് പ്രവർത്തനം : പരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനം/പൂന്തോട്ട നിർമ്മാണം/ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ
- ചർച്ച/സെമിനാർ ശിലപ്ശാല: രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി വിദഗ്ദ്ധ രുടെ ക്ലാസ്സ് /ചർച്ച/ സെമിനാർ/ശില്പശാല
- ഫിലിം/ഡോക്യുമെന്ററി: രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി പരിസ്ഥിതി പ്രാധാന്യമുള്ള ഫിലീം, ഡോക്യുമെന്ററി പ്രദർശനം
- ജൈവകൃഷി : സ്കൂളിൽ കുട്ടികളും അധ്യാപകരും ചേർന്ന് ജൈവകൃഷി
- ആരംഭിക്കുന്നു.
- പൂന്തോട്ട നിർമ്മാണം
- ശലഭോദ്യാനം : പൂമ്പാറ്റകളെ ആകർഷിക്കുന്ന ധാരാളം ചെടികൾ/പൂച്ചെടികൾ നട്ടുവളർത്തുന്നു
- ജൈവവൈവിധ്യ
- പാർക്ക് : ജലാശയം ഉൾപ്പെടുന്ന ഒരു ജൈവ വൈവിധ്യപാർക്ക് സ്കൂൾ കോമ്പൗണ്ടിൽ നിർമ്മിക്കുന്നു
- മണ്ണ് സംരക്ഷണ
- പ്രവർത്തനം : കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാതെ ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു.പ്ലാസ്റ്റിക് വസ്തുക്കൾ മണ്ണി ലേക്ക് വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്തുന്നു.
- നീർക്കുടം പദ്ധതി : വേനൽക്കാലത്ത് പക്ഷികൾക്ക് കുടിവെള്ളം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനം
- ഔഷധത്തോട്ടം : ഔഷധസസ്യങ്ങൾ കോമ്പൗണ്ടിൽ നട്ടുവളർത്തുക സസ്യ ങ്ങളുടെ പേരും ഉപയോഗവും എഴുതി തയ്യാറാക്കുക.
- പഠനയാത്ര/ :
- ഫീൽഡ്ട്രിപ്പ് : പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ
- ലോക്കൽ ടെസ്റ്റ്
- രൂപീകരണം : സമീപപ്രദേശങ്ങളിലെ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥല ങ്ങളെ ക്കുറിച്ചുള്ള ലിസ്റ്റ് തയ്യാറാക്കൽ
- പഴ/പച്ചക്കറി കളികൾ : നിരീക്ഷണ ശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

## പ്രവർത്തനക്കുറിപ്പ്

### സർഗ്ഗാത്മകത

- **ചിത്രങ്ങൾക്ക് അനുസൃതമായ സംഭാഷണം രൂപീകരിക്കൽ**

പത്രങ്ങളിലും മാസികകളിലും കാണുന്ന വ്യക്തികളുടെ ചിത്രങ്ങൾ വെട്ടിയെടുത്ത് ചാർട്ടിൽ ഒട്ടിച്ച് അവർ തമ്മിലുള്ള അവർ തമ്മിലുള്ള സംഭാഷണം എഴുതാൻ കുട്ടികളോട് പറയുന്നു.

- **ചിത്രം - കഥപറയൽ**

ചാർട്ടിൽ ചിത്രങ്ങൾ മാത്രം ഒട്ടിച്ച് അനുയോജ്യമായ കഥകൾ ഉണ്ടാക്കാൻ നിർദ്ദേശിക്കുന്നു

- **കവിതകൾ കൂട്ടിച്ചേർക്കൽ**

കവിതയുടെ കുറച്ച് വരികൾ ചാർട്ടിൽ എഴുതുന്നു. ബാക്കി വരികൾ കൂട്ടച്ചേർക്കാൻ ആവശ്യപ്പെടുന്നു,

- **ലഘുനാടകങ്ങൾ**

പാഠഭാഗവുമായി ബന്ധപ്പെട്ടതും അല്ലാത്തുമായ ചെറിയ നാടകങ്ങൾ കുട്ടികളോട് എഴുതി തയ്യാറാക്കാൻ പറയുന്നു. തയ്യാറാക്കിയത് അവർ തന്നെ കഥാപാത്രങ്ങളായി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

## പ്രവർത്തനക്കുറിപ്പ്

### സർഗ്ഗാത്മകത

- **അടിക്കുറിപ്പ്**

ചിത്രം കൊടുത്ത് അനുയോജ്യമായ അടിക്കുറിപ്പിന് അവസരം നൽകുന്നു.
കുട്ടികളുടെ രചനകൾ കൂട്ടിച്ചേർത്ത് പതിപ്പുകൾ പുറത്തിറക്കുന്നു. (കഥകൾ, കവിതകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ)
ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചിത്രങ്ങളും തലക്കെട്ടുകളും ചാർട്ടിൽ എഴുതി തയ്യാറക്കാൻ പറയുന്നു.

- **ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. പ്രോത്സാഹനം നൽകുന്നു

# പരിസര പഠനം

## കാഴ്ചപ്പാട്

- എല്ലാ വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം
- കൂടാതെ എല്ലാവരെയും  പരിസ്ഥിതി സൗഹാർദ്ദപരമായ വീക്ഷണമുള്ളവാക്കി മാറ്റുക
- പരിസ്ഥിതി മനുഷ്യന്റെയും ഇതര ജീവജാലങ്ങളുടെയും സഹവർത്തിത്തിലാണ് നില നിൽക്കുന്നത് എന്ന അവബോധം ഉറപ്പിക്കുക.

## ലക്ഷ്യങ്ങൾ

- എല്ലാ വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കും.
- എല്ലാവരെയും പരിസ്ഥിതി സൗഹാർദ്ധപരമായ വീക്ഷണമുള്ളവരാക്കി മാറ്റും
- പരിസ്ഥിതി മനുഷ്യന്റെയും ഇതര ജീവജാലങ്ങളുടെയും സഹവർത്തിത്തിലാണ് നില നിൽക്കുന്നതെന്ന് അവബോധം ഉറപ്പിക്കും.

### പരിസരപഠനം

**അവസ്ഥാപഠനം**

ഈ വിദ്യാലയത്തിലെ മിക്കവാറും കുട്ടികളും പരിസ്ഥിതി സംബന്ധമായ എല്ലാ കാര്യങ്ങളിലും വളരെ താല്പര്യമുള്ളവരാണ് പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ശലഭോദ്യാനം ഔഷധ സസ്യത്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവയെല്ലാം വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് സ്കൂളിൽ നിർമ്മിച്ചിരിക്കുന്നു. എല്ലാ ദിവസവും ഇവ പരിപാലിക്കാൻ കുട്ടികൾ വളരെ താല്പര്യപൂർവ്വം മുന്നോട്ടുവരുന്നു. പരിസ്ഥിതിദിന ക്വിസ്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നു. തുടർച്ചയായി രണ്ടുവർഷമായി സബ്ബ് ജില്ലാതല ജേതാക്കളുമാണ് . എന്നാൽ ചില കുട്ടികൾ നശീകരണ സ്വഭാവമുള്ളവരായി കാണപ്പെടുന്നു. അങ്ങനെയുള്ള കുട്ടികൾ ഇത്തരം പ്രവർത്തനങ്ങളിൽ നിന്നു മാറി നിൽക്കുന്നതായി കാണപ്പെടുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം ഫോർമാറ്റ് 1

| മേഖല : അക്കാദമികം | വിഷയം : ഇംഗ്ലീഷ് | |
|---|---|---|
| പ്രശ്നം : 1. ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. | | |
| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
| **കുട്ടി**<br>• ഇംഗ്ലീഷ് ഭാഷയോടുള്ള വിമുഖത. ആവശ്യത്തിന് വൊക്കാബുലറി ഇല്ല | • ഇംഗ്ലീഷ് പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് വിതരണം ചെയ്യുന്നു. പരിചയപ്പെടുന്ന പുതിയവാക്കുകൾ ഉൾപ്പെടുത്തി ഡിഷ്നറി നിർമ്മിക്കുന്നു.<br>ഇത് ചെറിയ ചെറിയ ലാംഗ്വേജ് ഗെയിംസ് പരിചയപ്പെടുത്തൽ | • ലാഗ്വേജ് ഗെയിംസിലൂടെ ഭാഷാ പ്രയോഗങ്ങൾ നടപ്പാക്കൽ ഇംഗ്ലീഷ് അസംബ്ലി ഡിഷ്നറി,നിർമ്മാണം. ലൈബ്രറി ശ്കതിപ്പെടുത്തൽ |
| **അദ്ധ്യാപിക**<br>• കുട്ടികളെ ഗ്രൂപ്പാക്കി പ്രവർത്തനങ്ങൾ നൽകാൻ കഴിയുന്നില്ല. ആസ്വാദയകരമയ-ലാഗ്വേജ് ഗെയിമുകളൊന്നും തന്നം ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. | 1,2, കുട്ടികളെ ഉൾപ്പെടുത്തി നൽകാൻ കഴിയുന്ന പ്രവർത്തനങ്ങൾ കൂടുതൽ കണ്ടെത്തി നൽകുന്നു. | ശ്രദ്ധ, ഐ. സി. ടി എന്നിവ പ്രയോജനപ്പെടുത്തുന്നു. |
| **സംവിധാനം**<br>• ഫലപ്രദമായ രീതിയിലുള്ള ക്ലാസ്സ് റൂം സംവിധാനങ്ങളുടെ കുറവ് | പ്രാദേശിക റിസോഴ്സുകൾ ഉപയോഗിച്ച് ക്ലാസ് റൂം മെച്ചപ്പെടുത്തുന്നു. | സാമൂഹ്യ പങ്കാളിത്ത പരിപാടികൾ |
| **രക്ഷിതാക്കൾ**<br>• കുട്ടികളുടെ പഠന നില വേണ്ടത്ര തിരിച്ചറിയുന്നില്ല | സി.പി.ടി.എ.,. എം. പി. ടി.എ. എന്നിവ ശക്തിപ്പെടുത്തുന്നു. | രക്ഷിതക്കൾക്കുള്ള ശിലപ്പശാല |

# വിഷയമേഖലകൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

**3. അക്കാദമികം**

**സർഗ്ഗാത്മകത**

**3.1 കാഴ്ച്ചപ്പാട്**

- എല്ലാ കുട്ടികളെയും സർഗ്ഗാത്മകതയിലേക്ക് നയിക്കണം.
- കുട്ടികളുടെ സർഗ്ഗാത്മകമയാ എല്ലാ കഴിവുകളും കണ്ടെത്തി പരിപോഷിപ്പിക്കൽ

**ലക്ഷ്യം**

- സന്ദർഭാനുസരണം സർഗ്ഗാതമകത പ്രകടിപ്പിക്കാൻ കഴിയുന്നവരാക്കും.

**ചിഹ്നങ്ങളും ഇരട്ടിപ്പുകളും**

**കാഴ്ച്ചപ്പാട്**

- ചിഹ്നങ്ങളെയും ഇരട്ടിപ്പുകളെയും കുറിച്ച് വ്യക്തമായ ധാരണയുണ്ടാകണം.

**ലക്ഷ്യം**

- ചിഹ്നങ്ങളും കൂട്ടക്ഷരങ്ങളും ഉപയോഗിച്ച് ഒന്നാം തരം വാക്യങ്ങളും ഉപയോഗിച്ച് ഒന്നാംതരം വാക്യങ്ങളുണ്ടാക്കും.
- ഭാഷയുടെ എല്ലാ തലങ്ങളെയും കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കും.

## മലയാളം

**അവസ്ഥാ പഠനം**

ഞങ്ങളുടെ കുട്ടികളുടെ സ്കൂളിലെ ഭൂരിഭാഗം കുട്ടികളും മലയാളം നന്നായി എഴുതുവാനും വായിക്കുവാനും അറിയാവുന്നതവാരണ്. ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയെല്ലാം തന്നെ കുട്ടികൾ  പ്രയോജനപ്പെടുത്തുന്നുണ്ട്. ചിഹ്നങ്ങളുടെയും, കൂട്ടക്ഷരങ്ങളുടേയും കാര്യത്തിൽ 20% ത്തോളം കുട്ടികൾ പ്രയാസം നേരിടുന്നതായി കണ്ടിട്ടുണ്ട്. മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പരിപാടികളിലൂടെ കുട്ടികളുടെ ഭാഷയിലെ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെടുന്നുണ്ട്.

## പ്രവർത്തനക്കുറിപ്പ്

### ചിഹ്നങ്ങളും ഇരട്ടിപ്പുകളും

- **ഉച്ചാരണത്തിൽ വ്യക്തത കൈവരിക്കൽ**

പാഠഭാഗം വായിപ്പിക്കുന്നു. കഥകളും കവിതകളും പാട്ടുകളും ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. പ്രാദേശികമായ പ്രയോഗങ്ങൾ പരമാവധി സംസാരത്തിൽ ഒഴിവാക്കുന്നു.

- **വായന കൂടുതൽ കാര്യക്ഷമമാക്കൽ**

  സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തി കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.
- ദിവസവും ഒരു കുട്ടി ഒരു വാർത്ത ക്ലാസ്സിൽ ഉച്ചത്തിൽ വായിക്കുന്നു.
- കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ വായനമൂല പ്രയോജനപ്പെടുത്തി വായിക്കുന്നു. (ഉദാ: ബാലരമ, മിന്നാമിന്നി)
- നൂതനമായ വായന സാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള പഠനം
- ഐ.സി.ടി.സാധ്യതകൾപ്രയോജനപ്പെടുത്തി ഈ-വായന പ്രോത്സാഹിപ്പിക്കുക
- അക്ഷരങ്ങളെ ആഭരണ മണിയിക്കൽ പ്രവർത്തനം നടത്തുന്നു.

  ഉദാ; കട്ട പഠക്കുന്നു. (തെറ്റ്)

  കുട്ടി പഠിക്കുന്നു

## പ്രവർത്തനക്കുറിപ്പ്

### രക്ഷിതാക്കൾക്കുള്ള ശില്പശാല

രക്ഷിതാക്കളെ ബോധവാന്മാരാക്കുന്നതിനായി അനുയോജ്യമായ ഒരു ദിവസം തിരഞ്ഞെടുത്ത് ഒരു ശില്പശാല സംഘടിപ്പിക്കുന്നു. ശില്പശാലയിൽ രക്ഷിതാക്കളോട് അവർ ഉപയോഗിക്കുന്ന പ്രാദേശിക ഭാഷാ പ്രയോഗങ്ങൾ അവതരിപ്പിക്കാൻ പറയുന്നു. അത്തരം കാര്യങ്ങളിൽ ക്രോഡീകരിക്കുന്നു. ശേഷം വിലയിരുത്തൽ നടത്തുന്നു.

പ്രവർത്തന വിശകലനം

മേഖല : അക്കാദമികം    വിഷയം: കണക്ക്

പ്രശ്നം 1 സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം-പ്രശ്നങ്ങൾ

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| കുട്ടി : ഓരോ 100 ലും 1000 ത്തിലും എഴുതുമ്പോൾ സംശയം. തുടർച്ച കിട്ടുന്നില്ല. വ്യാഖ്യാനങ്ങൾ കൂടുതലെഴുതാൻ കഴിയുന്നില്ല. താല്പര്യകുറവ് | ഗണിത കേളികളിലൂടെ താല്പര്യമുണ്ടാകുന്നു.<br><br>അധിക വിഭവങ്ങൾ നൽകുന്നു. | ശ്രദ്ധയിലെ സംഖ്യാവീട്, പെട്ടിയിലാക്കാം<br>ICT കളിപ്പെട്ടി ✓<br><br>കളിപ്പെട്ടി പരിശീലനം ✓ |
| ടീച്ചർ<br>കുട്ടിയുടെ നിലയിലേക്ക് താഴ്ന്ന് ചിന്തിക്കുന്നില്ല. വിവിധ തലത്തിലുള്ള കുട്ടികൾ | CPTA | Good parents നെപ്പറ്റി വിദഗ്ദന്റെ counselling |
| രക്ഷിതാവ്<br>സ്കൂളിലെ പ്രവർത്തനത്തിന്റെ തുടർച്ച വീട്ടിലുണ്ടാകുന്നില്ല. കുട്ടിയുടെ പഠന നിലവാരം മെച്ചപ്പെടുന്നതിൽ ശ്രദ്ധയില്ല. | HM, BRC. DIET, AEO etc സമയബദ്ധിതമായി പ്രവർത്തനങ്ങൾ കൃത്യതയോടെ ചെയ്യുന്നതു വിലയിരുത്തുക | ഓൺ സൈറ്റ് സപ്പോർട്ട് |
| സംവിധാനം<br>മോണിറ്ററിംഗ് ശക്തമാക്കുക | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം ഫോർമാറ്റ് 1

| | | |
|---|---|---|
| മേഖല : അക്കാദമികം | വിഷയം : പരിസര പഠനം | |
| പ്രശ്നം : പരിസ്ഥിത സംരക്ഷണ പ്രവർത്തനങ്ങളിൽ താൽപര്യമില്ലായ്മ | | |
| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
| **കുട്ടി**<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ അവബോധ മില്ലായ്മ<br>• ഇതിന്റെ പ്രാധാന്യം തിരിച്ചറിയാനുള്ള പ്രായം<br>• പക്വതകൈവരിക്കാത്തത്<br>• ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ലഭിക്കാത്തത്<br>• സഹജീവികളോടുള്ള സഹാനുഭൂതിയില്ലായ്മ.<br>• ഭൂമി മനുഷ്യന്റേതുമാത്രമാണെന്നുള്ള മിഥ്യാധാരണ<br>• നിരീക്ഷണ ശേഷിയിൽ വേണ്ടത്ര വികാസം ലഭിക്കാത്തത് | • പരിസ്ഥിതിപ്രാധാന്യമുള്ള ദിനാചരണങ്ങൾ/ നടത്തുക<br>• പരിസ്ഥിതി ക്ലബ്ബ് രൂപീകരിച്ച് എല്ലാ കുട്ടികൾക്കും അതിൽ അംഗത്വം നൽകി പ്രവർത്തനങ്ങൾ ആസൂത്രണം നടപ്പിലാക്കുന്നു.<br>• ചർച്ചകൾ/ സെമിനാറുകൾ/ ശില്പശാലകൾ എന്നിവ സംഘടിപ്പിച്ച് കുട്ടികൾക്ക് പങ്കാളികളാവാനുള്ള അവസരങ്ങൾ നൽകുന്നു./<br>• പരിസ്ഥിതി സംബന്ധമായ ഫിലീം, ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കൽ/<br>• ജൈവകൃഷിത്തോട്ടം നിർമ്മാണം സ്കൂളിലേക്കാവശ്യമായ പച്ചക്കറി ഉല്പാദനം<br>• പൂന്തോട്ട നിർമ്മാണം. വ്യത്യസ്തങ്ങളായ ചെടികൾ നട്ടുപിടിപ്പിക്കൽ<br>• ശലഭോദ്യാനം പൂമ്പാറ്റകളെ ആകർഷിക്കുന്ന ചെടികൾ നട്ടുവളർത്തുന്നു.<br>• ജൈവവൈവിധ്യ പാർക്ക് കുട്ടികളുടെ സഹായത്തോടെ സ്കൂൾ കോമ്പൗണ്ടിൽ ജൈവ വൈവിധ്യ പാർക്ക് ഒരുക്കുന്നു. പാർക്കിൽ ഒരു ജലാശയവും ഉൾപ്പെടുത്തുന്നു.<br>• ഹരിതപ്രോട്ടോകോൾ പാലിക്കൽ<br>• കീടനാശിനികളുടെ ഉപയോഗം നിരോധിക്കൽ<br>• പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരിമിതപ്പെടുത്തൽ<br>• പക്ഷികൾക്കൊരു നീർക്കുടം പരിപാടി നടപ്പിലാക്കുക<br>• ഔഷധത്തോട്ടനിർമ്മാണം കുട്ടികളുടെ സഹായത്തോടെയുള്ള നിർമ്മാണം/ | • ദിനാചരണം<br>• ക്ലബ്ബ് പ്രവർത്തനം<br>• ചർച്ച<br>• സെമിനാർ<br>• ശില്പശാല<br>• ഫിലീം /ഡോക്യുമെന്ററി<br>• ജൈവ കൃഷി<br>• പൂന്തോട്ട നിർമ്മാണം<br>• ശലഭോദ്യാനം<br>• ജൈവ വൈവിധ്യ പാർക്ക്<br>• മണ്ണ് സംരക്ഷണ പ്രവർത്തനം<br>• നീർക്കുടം പദ്ധതി<br>ഔഷധത്തോട്ടം |

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **ടീച്ചർ**<br>• വ്യത്യസ്തനിലവാരത്തിലും സാഹചര്യത്തിലുമുള്ള കുട്ടികൾ<br>• ക്ലസ്സ്മുറികൾ ഐ.സി.ടി. അധിഷ്ഠിത ബോധന തന്ത്രങ്ങൾക്ക് അനുയോജ്യമല്ലാത്തത്<br>• കോഴ്സുകളിലും പരിശീലനങ്ങളിലും മികച്ച അനുഭവങ്ങൾ ലഭിക്കാത്തത്.<br>• കുട്ടികളുടെ സുരക്ഷയെക്കരുതി ഫീൽഡ് ട്രിപ്പുകളും പഠനയാത്രകളും മറ്റുപ്രവർത്തനങ്ങളും നടത്താൻ കഴിയാത്ത അവസ്ഥ | • പരിസ്ഥിതിപ്രവർത്തകരുടെ ക്ലാസ്സ് സംഘടിപ്പിക്കൽ<br>പഠന യാത്രകൾ ഫീൽഡ് ട്രിപ്പുകൾ,<br>സ്കൂൾ പ്രദേശത്തുള്ള വിവിധ ആവശ്യാവസ്ഥകളുടെ ലിസ്റ്റ് ശേഖരിക്കൽ<br>നിരീക്ഷണശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നല്കൽ<br>ശില്പശാലകൾ ചർച്ചകൾ ഡോക്യുമെന്ററി പ്രദർശനം ഇവ സംഘടിപ്പിക്കൽ<br>ക്ലാസ്സ് മുറികൾ ഐ.സി.ടി. അധിഷ്ഠിതമാക്കി ക്രമീകരിക്കൽ<br>പ്രതിഭാധനരായ അധ്യാപകരെ പരിശീലകരായി തെരഞ്ഞെടുക്കൽ | • ക്ലാസ്സ്<br>പഠനയാത്ര<br>ഫീൽഡ് ട്രിപ്പ്<br>ലോക്കൽ ടെസ്റ്റ് രൂപീകരണം പഴം പച്ചക്കറികൾ<br><br>ശില്പശാല ചർച്ചകൾ ഡോക്യുമെന്ററി |
| **രക്ഷിതാവ്**<br>• വേണ്ടത്ര പരിസ്ഥിതി അവബോധമില്ലായ്മ<br>• വ്യത്യസ്ഥസാഹചര്യങ്ങളിൽ കഴിയുന്നത് /വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെടുന്നത്<br>• പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ കഴിയാത്തത് | പഠനയാത്രകളിലും ഫീൽഡ് ട്രിപ്പുകളിലും രക്ഷിതാക്കളെകൂടി ഉൾപ്പെടുത്തൽ<br>സ്കൂളുകളിൽ നടക്കുന്ന പരിസ്ഥിതി സംബന്ധമായ എല്ലാ പ്രവർത്തനങ്ങളിലും പരിപാടികളിലും രക്ഷിതാക്കളെ ഉൾപ്പെടുത്തൽ<br>പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കൽ<br>പരിസ്ഥിതിയും മനുഷ്യനും പരസ്പരാശ്രയത്തോടെ കഴിയേണ്ടതാണെന്ന അവബോധം ഉണ്ടാക്കിയെടുക്കൽ. | |
| **സംവിധാനം**<br>• ക്ലാസ്സ് മുറികൾ നൂതന ബോധന തന്ത്രങ്ങൾ പ്രയോഗിക്കുന്നതിന് അനുയോജ്യമല്ലാത്തത് | ക്ലാസ്സമുറികൾ ഹൈടെക് ആക്കി മാറ്റുക | |
| • പാഠപുസ്തകങ്ങളിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ വേണ്ടത്ര ഉൾച്ചേർക്കാത്തത് | പരിസ്ഥിതി സംരക്ഷണ സംബന്ധിയായ ധാരാളം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തൽ | |
| • ടേം വിലയിരുത്തലിനും നിരന്തര മൂല്യ നിർണ്ണയത്തിനുമപ്പുറം നിശ്ചിത ടേമിലും അവധിക്കാലത്തും എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യണമെന്നുള്ള നിർദ്ദേശങ്ങൾ ലഭിക്കാത്തത് | ഓരോ ടേമിലും പരിസ്ഥിതി സംബന്ധമായ പ്രവർത്തനങ്ങൾ നിർദ്ദേശിക്കലും നടപ്പിലാക്കലും. | |

1. ഗണിതം - പ്രവർത്തനകുറിപ്പ്

1. സംഖ്യാവീട് - ക്ലാസ്സിലെ 4 മൂലകളിൽ 4 ബോർഡ്

ബോർഡ് 1 - സംഖ്യാവീട് 1 മുതൽ 9 വരെ

ബോർഡ് 2 - സംഖ്യാവീട് 10 മുതൽ 99 വരെ

ബോർഡ് 3 - സംഖ്യാവീട് 100 മുതൽ 499 വരെ

ബോർഡ് 4 - സംഖ്യാവീട് 500 മുതൽ 999 വരെ

ക്ലാസ്സിനു നടുവിലെ മേശയിൽ സംഖ്യാ കാർഡുകൾ വെക്കുക. വിസിൽ വിളിക്കുമ്പോൾ കുട്ടികൾ ഓരോരുത്തരായി വന്ന് സംഖ്യാ കാർഡെടുത്ത് ഏത് വീട്ടിലേതാണെന്ന് കണ്ടുപിടിച്ച് ആ മൂലയിൽ എത്തിക്കുന്നു. കാർഡ് തീരുന്നതു വരെ കളി തുടരുന്നു. തെറ്റായ വീട്ടിലേക്കു പോയ കുട്ടിയെ ശരിയായ വീട് കണ്ടെത്തുവാൻ മറ്റുള്ള കുട്ടികളും സഹായിക്കുന്നു.

2. പെട്ടിയെടുക്കാം - കൂട്ടിയെടുക്കാം

ക്ലാസ്സിലെ കുട്ടികളെ4 ഗ്രൂപ്പുകളാക്കി 4 മൂലയിൽ നിർത്തുക. പത്തു മുത്തുകൾക്ക് ഒരു നിറം, അടുത്ത 10 മുത്തുകൾക്ക് മറ്റൊരു നിറം എന്ന രീതിയിൽ 100 മുത്തുകൾ ക്രമീകരിച്ച മാല ഓരോ ഗ്രൂപ്പിനും ക്ലാസ്സിൽ കെട്ടി വെക്കുക. നടുവിലുള്ള മേശയിൽ സംഖ്യാ സ്ലിപ്പെഴുതിയിട്ട തീപ്പെട്ടികൾ വേണം. എല്ലാ കുട്ടികളും കാണുന്ന വിധത്തിൽ ഒരു ചാർട്ട് ഒരുക്കുന്നു. വിസിൽ വിളിക്കുമ്പോൾ ഓരോ ഗ്രൂപ്പിൽനിന്നും ഓരോ കുട്ടി ഓടി വന്ന് തീപ്പെട്ടികൾ ഒന്നിനുമുകളിൽ ക്രമീകരിക്കണം. അതിനു മുന്നേ തന്നെ ഓരോ ഗ്രൂപ്പിനെകൊണ്ടും എത്ര തീപ്പെട്ടികൾ ഉയരത്തിൽ അടുക്കാം എന്ന ഊഹം എഴുതിച്ചു നോക്കാം. വിസിൽ വിളിച്ചവസാനിപ്പിച്ച് ഊഹം ശരിയായോ എന്നു നോക്കാം. ഏറ്റവും കൂടുതൽ ഉയരത്തിൽ അടുക്കിയവരെ വിജയികളായി പ്രഖ്യാപിക്കാം. ഇനി തീപ്പെട്ടിയിലുള്ള സംഖ്യകൾ ചാർട്ടിലെഴുതുന്നു. ഏറ്റവും കൂടുതൽ പോയിന്റുകൾ ലഭിച്ച ഗ്രൂപ്പ് വിജയി പോയിന്റുകൾ കൂട്ടിയെടുക്കുന്നതിന് മുത്തുമാലയും കളർ ക്ലിപ്പുകളും ഉപയോഗിക്കാം. നിറവ്യത്യാസമുള്ള 10 ന്റെ മുത്തുകൾ എളുപ്പത്തിൽ കൂട്ടിയെടുക്കാൻ സഹായിക്കുന്നു.

3. കളിപ്പെട്ടി പരിശീലനം

ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിലെ കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ മത്സരമായി നടത്തുന്നു. (സംഖ്യാ വ്യാഖ്യാനങ്ങളും ഗുണനവസ്തുതകളുംനായി കുട്ടികൾ ഹൃദിസ്ഥമാക്കാൻ കുട്ടികൾ ഇതുകൊണ്ട് മെനക്കെടുന്നു.)

4. മെട്രിക് മേള

ദൂരം, സമയം, ഉള്ളളവ്, ഭാരം എന്നിവയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കുട്ടികൾ തന്നെ ഉണ്ടാക്കുന്നു. ഉദാ: സ്കെയിൽ, ക്ലോക്ക്, അളവു പാത്രങ്ങൾ, ജന്മദിനകലണ്ടർ, ത്രാസ്, ഭാരകട്ടികൾ etc വൃത്തിയും കൃത്യതയും നോക്കി സമ്മാനങ്ങൾ നൽകുന്നു. ഓരോ ക്ലാസ്സിലും ഗണിതമൂല ഒരുക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

**മേഖല : അക്കാദമികം** **വിഷയം : ഇംഗ്ലീഷ്**

1. ലാംഗ്രേജ് ഗെയിംസ് :

ശ്രദ്ധ, ഐ.സി.ടി. എന്നിവയെ ഉപയോഗപ്പെടുത്തി പ്രൈമറി ക്ലാസ്സിലെ കുട്ടികൾക്കിണങ്ങുന്ന തരത്തിലുള്ള ലാംഗ്വേജ് ഗെയിമുകൾ നൽകുന്നു. 3,4 കുട്ടികളെ ഒരു ടീമായും 1,2 ക്ലാസ്സുകളിലെ കുട്ടികളെ ഒരു ടീമായും ആണ് ഇത്തരം ഗെയിമുകൾ നടത്തുന്നത്.

2. ഇംഗ്ലീഷ് അസംബ്ലി :

ആഴ്ചയിൽ ഒരു ദിവസം ഒരാളെ ലീഡറായി തെരഞ്ഞെടുത്ത് ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. കുട്ടികൾക്ക് ഓരോ ദിവസത്തിലെയും അസംബ്ലിയിൽ ഓരോ പ്രത്യേക പരിപാടികൾ അവതരിപ്പിയ്ക്കാൻ അവസരം നൽകുന്നു,

**3. ഡിക്ഷ്നറി നിർമ്മാണം:**

കുട്ടികൾ വായിക്കുന്ന പുസ്തകങ്ങളിൽ നിന്നും പാഠഭാഗത്തു നിന്നും പരിചയപ്പെടുന്ന പുതിയ വാക്കുകൾ ഉൾപ്പെടുത്തി ഓരോരുത്തരും അതിന്റെ മീനിംഗ് കണ്ടെത്തി സ്വയം ഡിഷ്നറി നിർമ്മിക്കുന്നു. ഇത്തരത്തിൽ നിർമ്മിച്ച ഡിഷ്നറി കുട്ടികളിൽ വീണ്ടും വീണ്ടും പ്രയോഗിക്കുവാനും അവസരം നൽകുന്നു.

**4. ലൈബ്രറി ശക്തിപ്പെടുത്തൽ:**

സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവയിൽ കൂടുതൽ കുട്ടികൾക്കിണങ്ങുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നു. എസ്.എം.സി., എസ്.ഡി.സി. എന്നിവയിൽ ചർച്ചചെയ്ത് പുസ്തകങ്ങൾ കണ്ടെത്തുന്നു-കുട്ടികൾക്ക് ഒഴിവ് സമയങ്ങളിൽ പുസ്തകങ്ങൾ വായിയ്ക്കാനവസരം നൽകുന്നു.

**5. ഐ.സി.ടി. ശ്രദ്ധ**

ഐ.സി.ടി. ശ്രദ്ധ എന്നിവ പരമാവതി പ്രയോജനപ്പെടുത്തികൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

**5. രക്ഷിതാക്കൾക്കുള്ള ശിലപ്ശാല :**

കുട്ടികളെ എങ്ങനെ ഇംഗ്ലീഷിൽ മിടുക്കരാക്കി മാറ്റാം എന്നതിനെക്കുറിച്ച് സമീപപ്രദേശത്തെ ഒരു ഇംഗ്ലീഷ് ടീച്ചറുടെ നേതൃത്വത്തിൽ ക്ലാസ്സ് എടുക്കും.